## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 302 — 23.06.2014-ൽ മറുപടിക്ക്

**<u>പരമ്പരാഗത മത്സ്യസംരക്ഷണ രീതികൾ</u>**

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടൽ മത്സ്യബന്ധനം ലാഭകരമാക്കാൻ പരമ്പരാഗതമായ അറിവുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി പരിഗണിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ; | (എ) | ഉണ്ട്. മത്സ്യബന്ധന മേഖലയെ ലാഭകരമാക്കുന്നതിന് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി 2014-ൽ കൊച്ചിയിൽ വച്ച് നടത്തിയ അന്താരാഷ്ട്ര അലങ്കാര മത്സ്യ പ്രദർശനത്തോടനുബന്ധിച്ച് 'കടലറിവുകൾ' എന്ന വിഷയത്തെ അധികരിച്ച് ഒരു മത്സ്യത്തൊഴിലാളിസംഗമം ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യ ക്ഷേമനിധി ബോർഡ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുകയും സംഗമത്തിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഫിഷറീസ് വകുപ്പ് "ഫിർമ" (ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി) യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യസമ്പത്ത് നശിപ്പിക്കുന്ന രീതിയിൽ മത്സ്യക്കുഞ്ഞുങ്ങളെയും ഭക്ഷ്യയോഗ്യമല്ലാത്തതരം മത്സ്യങ്ങളെയും പിടിച്ചെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ പ്രവണത തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | KMFR Act ലെ 4-ാം വകുപ്പിലെ അധികാരം ഉപയോഗിച്ച് മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ച കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. KMFR Act ലെ 17-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പെനാലിറ്റി ചുമത്തുന്നതിനും ഇതു വഴി അതു നിയന്ത്രിക്കുന്നതിനും കഴിയും. |

Jayaraman

സെക്ഷൻ ഓഫീസർ